# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം</u>

3123 ശ്രീ. സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുതസംവിധാനം വഴി നേടാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ലഭ്യമാക്കുന്നത്;

(ഡി) ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പിന്റെ പ്രവര്‍ത്തന മികവ്</u>

3124 ശ്രീ. സണ്ണി ജോസഫ്
'' റ്റി. എന്‍. പ്രാതാപന്‍
'' എം. പി. വിന്‍സെന്റ്
'' ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പദ്ധതി ചെലവില്‍ അനുവദിച്ച തുകയേക്കാള്‍ കൂടുതല്‍ ചെലവ് ചെയ്ത് പൊതുമരാമത്ത് വകുപ്പ് നേട്ടം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര ശതമാനം ചെലവ് ചെയ്താണ് ഈ നേട്ടം കൈവരിക്കാനായത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് ഭരണ തലത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ</u>

3125 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും പ്രത്യേകം കാലയളവ് വയ്ക്കുകയും അതിനുള്ളിൽ നിർമ്മാണം തകരാറിലായാൽ കരാറുകാരുടെ ചെലവിൽ നന്നാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ടെണ്ടർ തുകയെക്കാൾ കുറഞ്ഞ നിരക്കിൽ ചെയ്യുന്ന പ്രവൃത്തികളുടെ മോണിറ്ററിംഗ് പ്രത്യേകം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>മരാമത്ത് പണികൾക്ക് കേന്ദ്ര പൊതുമരാമത്ത് മാന്വൽ ബാധകമാക്കാൻ നടപടി</u>

3126 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് ജോലികൾ കേന്ദ്ര പൊതുമരാമത്ത് മാന്വലിന്റെ അടിസ്ഥാനത്തിൽ ചെയ്യുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇപ്രകാരം ചെയ്യുമ്പോഴുണ്ടാകുന്ന മെച്ചം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) 2013 ഒക്ടോബറിന് മുമ്പ് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ജോലിക്ക് നിർദ്ദേശം നൽകിയിരുന്ന കേസുകളിൽ കേന്ദ്രപൊതുമരാമത്ത് മാന്വലിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റുകൾ രണ്ടാമതായി തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിലൂടെ എന്തു തുക അധികമായി ചെലവാകും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് മണ്ഡലങ്ങളിൽ ചെയ്യുന്ന പൊതുമരാമത്ത് ജോലികൾക്ക് മുമ്പ് നൽകിയിരുന്ന തുകയേക്കാൾ കൂടുതൽ എസ്റ്റിമേറ്റ് പുതുക്കുമ്പോൾ ഉണ്ടാകുന്നതിനാൽ ഇപ്രകാരം അധികമായി വേണ്ടി വരുന്ന തുക പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുവദിക്കുമോ; ഇപ്രകാരം എസ്റ്റിമേറ്റ് അടക്കമുള്ള ജോലികൾ വീണ്ടും ചെയ്യേണ്ടി വരുന്നതിനാൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള ജോലികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എത്രയുംവേഗം പരിഹരിക്കുവാനും ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള ജോലികൾക്ക് അടിയന്തിരമായി ഭരണാനുമതി നൽകി ജോലി ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 28.01.2014-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ പദ്ധതി</u>

3127 ശ്രീ. അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) ആരുടെയെല്ലാം സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി സംസ്ഥാനത്തെ കൂടുതൽ പ്രദേശങ്ങളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>റോഡ് നഗര വികസന പദ്ധതി</u>

3128 ശ്രീ. വർക്കല കഹാർ
,, എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് നഗര വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിന്റെ രൂപീകരണം വഴി നേടാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏത് വ്യവസ്ഥയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്; വിശദമാക്കുമോ;

(ഡി) എല്ലാ നഗരങ്ങളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.റ്റി.പി. രണ്ടാംഘട്ടപദ്ധതി</u>

3129 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ടപദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണവും പുനരുദ്ധാരണവുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിനടത്തിപ്പിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>റോഡ് വികസന പദ്ധതികൾ</u>

T.3130

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റോഡ് വികസനത്തിനായി എം.എൽ.എ.മാർ മുഖേന പ്രൊപ്പോസൽ കൊടുക്കുവാൻ തീരുമാനിച്ച വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>''സ്പീഡ്'' റോഡ് നിർമ്മാണ പദ്ധതി</u>

3131 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റോഡുകളുടെ പുനർ നിർമ്മാണത്തിനായി ''സ്പീഡ്'' റോഡ് നിർമ്മാണ പദ്ധതി അംഗീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം റോഡുകളാണ് പുനർ നിർമ്മിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഓരോ റോഡ് പുനർനിർമ്മാണത്തിനും വേണ്ടിവരുന്ന തുക എത്രയെന്ന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക പ്രതിസന്ധി റോഡ് നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിയ്ക്കുന്നതായ പരാതി</u>

3132 ശ്രീ. എ. കെ. ബാലൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി റോഡ് നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഇത് മൂലം നിർമ്മാണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും നിർത്തിവെയ്ക്കേണ്ടി വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ധനവകുപ്പിന്റെ നിയന്ത്രണം മൂലം റോഡ് നവീകരണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ; റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ധനവകുപ്പിന്റെ നിയന്ത്രണത്തിന്റെ ഭാഗമായി തടസ്സപ്പെട്ടിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റിൽ അനുവദിച്ച തുകയിൽ റോഡ് നവീകരണത്തിനും അറ്റകുറ്റപണികൾക്കുമായി എന്തു തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(ഡി) കരാറുകാർക്ക് കുടിശ്ശിക നൽകാനുള്ളത് കാരണം റോഡ് പ്രവൃത്തി സ്തംഭിക്കുന്ന സ്ഥിതി നിലനില്ക്കുന്നുണ്ടോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട്ടിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡുകൾ</u>

3133 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ കുട്ടനാട്ടിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് പദ്ധതി (Special Task Force Project) യിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം ആരംഭിച്ചുവെന്നും എതെല്ലാം പൂർത്തീകരിച്ചുവെന്നും ഇതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>തവനൂർ മണ്ഡലത്തിലെ ഒറ്റത്തവണ നന്നാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ</u>

3134 ശ്രീ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ ഗ്രാമീണ റോഡുകൾ ഒറ്റത്തവണ നന്നാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയിരുന്നോ;

(ബി) എങ്കിൽ ഏതെല്ലാം റോഡുകൾക്ക് എത്ര രൂപയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>വല്ലാർപാടം- പൊന്നാനി-കോഴിക്കോട് തീരദേശ പാതയുടെ നിർമ്മാണം</u>

3135 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം - പൊന്നാനി - കോഴിക്കോട് തീരദേശപാതയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകും;

(ബി) പ്രസ്തുത പണിയുടെ പൂർത്തീകരണ ചുമതല ആർക്കാണ് നല്കിയിട്ടുളളത്;

(സി) ഈ റോഡിനോട് അനുബന്ധമായി നിർമ്മിക്കുന്ന അഴീക്കോട് മുനമ്പം പാലത്തിന്റെ പണികൾ ആരംഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>കന്യാകുമാരി - ഗോകർണ്ണം മലയോര ടൂറിസ്റ്റ് ഹൈവേ</u>

3136 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നന്ദാരപദവ് - കടുക്കര മലയോര ഹൈവേയെ വടക്ക് ഗോകർണ്ണത്തേയ്ക്കും തെക്ക് കന്യാകുമാരിയിലേയ്ക്കും നീട്ടി കന്യാകുമാരി - ഗോകർണ്ണം മലയോര ടൂറിസ്റ്റ് ഹൈവേ ആക്കുന്നതിന് കാസർഗോഡ് മലയോര വികസന സമിതി നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം പരിഗണിക്കാൻ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കാഞ്ഞങ്ങാട് - ബാംഗ്ലൂർ - ചെന്നൈ ദേശീയ പാതയ്ക്കുള്ള നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>തിരു-കൊച്ചി രാജപാത ഗതാഗതയോഗ്യമാക്കുവാൻ നടപടി</u>

3137 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത്, തിരുവിതാംകൂർ - കൊച്ചി രാജഭരണ കാലത്തെ നെടുമ്പാശ്ശേരി - അത്താണി - എളവൂർ തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കടന്നുപോയിരുന്ന പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗമായിരുന്ന തിരുകൊച്ചി രാജപാതയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കി, തിരുകൊച്ചി രാജപാത ഗതാഗതയോഗ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) തിരു-കൊച്ചി രാജപാതയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇതിന്റെ വികസനത്തിനാവശ്യമായ തുക 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കൊല്ലം - തിരുമംഗലം ദേശീയപാതയ്ക്ക് സമാന്തരമായി ബൈപ്പാസ്</u>

3138 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം - തിരുമംഗലം ദേശീയ പാതയിൽ പുനലൂർ നഗരസഭയിലൂടെ കടന്നുപോകുന്ന ദേശീയപാതയ്ക്ക് സമാന്തരമായി ബൈപ്പാസ് നിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഇതിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പുനലൂർ പട്ടണത്തിലെ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിനായി പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ബൈപ്പാസ് നിർമ്മാണം</u>

3139 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബൈപ്പാസിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ആകെ അടങ്കൽ തുക എത്രയാണ്; ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം എന്ന് ആരംഭിച്ച് എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>ദേശീയപാത 47 ൽ നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾ</u>

3140 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47 ൽ നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൂർത്തിയാക്കേണ്ട സർവ്വീസ് റോഡുകൾ, ബസ് ബേകൾ, ബസ്സ് ഷെൽട്ടറുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, സ്ട്രീറ്റ് ലൈറ്റുകൾ, സിഗ്നലുകൾ എന്നിവ ഇനിയും പൂർത്തിയാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ട ദേശീയ പാതയിലെ ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

മണ്ണുത്തി - വാളയാർ ദേശീയപാതയുടെ നിർമ്മാണ പുരോഗതി

3141 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണുത്തി - വാളയാർ ദേശീയപാതയുടെ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഈ പ്രവൃത്തികൾക്കായി നാളിതുവരെ എന്തു തുകയാണ് ചെലവഴിച്ചത് എന്ന് വിശദമാക്കുമോ;

(സി) മണ്ണുത്തി - വാളയാർ ദേശീയപാതയുടെ പ്രവൃത്തിയിൽ ഇനി എന്തെല്ലാമാണ് പൂർത്തീകരിക്കാനുള്ളത് എന്നും, ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ദേശീയപാത വികസനം</u>
<u>ഭൂമി ഏറ്റെടുക്കൽ നഷ്ടപരിഹാരത്തിനുള്ള മാനദണ്ഡം</u>

3142 ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കപ്പെടുന്നവർക്ക് നൽകേണ്ട നഷ്ടപരിഹാരം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പാതവികസനത്തിന് സ്ഥലം വിട്ടുനൽകുന്ന ആളുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നല്കാനാണ് തീരുമാനിച്ചിട്ടുളളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

ഡോ. പൗലോസ് ജേക്കബ് നല്കിയ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി

3143 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി അങ്കമാലി ഫെഡറൽ ബാങ്ക് ജംഗ്ഷനിലെ കൂരൻ വീട്ടിൽ ഡോ. പൗലോസ് ജേക്കബ് സൗജന്യമായി നല്കിയ ഭൂമി ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) 2011 ൽ അപേക്ഷ നല്കിയിട്ടും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൽ വന്നിട്ടുള്ള കാലതാമസത്തിനു കാരണം വിശദമാക്കാമോ;

(സി) ഈ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് കേസ് നിലവിലുണ്ടോ; എങ്കിൽ കേസ് ഉടൻ തീർപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പെരുമ്പിലാവ് - ചങ്ങരംകുളം റോഡ്</u>
<u>നാലുവരിപ്പാതയാക്കുന്നതിന് നടപടി</u>

3144 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചൂണ്ടൽ - കുറ്റിപ്പുറം കെ.എസ്.റ്റി.പി. റോഡിന് വാഹനങ്ങളുടെ വർദ്ധനയ്ക്കനുസരിച്ച് വീതിയില്ലാത്തതിനാൽ ഗതാഗതക്കുരുക്കും, വാഹന അപകടങ്ങളും വർദ്ധിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൂടുതൽ അപകടങ്ങൾ സംഭവിക്കുന്ന പെരുമ്പിലാവ് മുതൽ ചങ്ങരംകുളം വരെയുള്ള റോഡ് നാലു വരിപ്പാതയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>ദേശീയപാത വികസനം സംബന്ധിച്ച് കേന്ദ്രം നൽകിയ ബദൽ നിർദ്ദേശങ്ങൾ</u>

3145 ശ്രീ. കെ. എൻ. എ. ഖാദർ
,, കെ. എം. ഷാജി
,, പി. ബി. അബ്ദുൾ റസാക്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത വികസനം സംബന്ധിച്ച് കേന്ദ്രം നൽകിയ ബദൽ നിർദ്ദേശങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ പ്രത്യേക പരിതസ്ഥിതിയിൽ പ്രായോഗികവും സ്വീകാര്യവുമായ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ആകാശ പാതയെന്ന നിർദ്ദേശം പട്ടണങ്ങളിലെ വീതി കൂട്ടാനാവാത്ത റോഡുകളുടെയും, ഹൈവേ ക്രോസിംഗുകളുടെയും കാര്യത്തിൽ പ്രായോഗികമാണോ എന്ന കാര്യം കൂടി പരിശോധിക്കുകയും, അനുയോജ്യമെങ്കിൽ നടപ്പാക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

3146 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ എത്ര റോഡുകൾക്കാണ് കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ മരാമത്ത് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ റോഡുകൾക്കെന്നും എത്ര തുക വീതമാണെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

റോഡുവക്കുകളിൽ കൂട്ടിയിട്ടിരിക്കുന്ന പൈപ്പുകൾ നീക്കം ചെയ്യാൻ നടപടി

3147 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റോഡുവക്കുകളിൽ ജലവിതരണ പദ്ധതികൾക്കുള്ള പൈപ്പുകൾ, പദ്ധതി പൂർത്തീകരണശേഷവും കൂട്ടിയിടുന്നത് ഗതാഗതപ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലങ്ങളായി ഇത്തരത്തിൽ പൈപ്പുകൾ കൂട്ടിയിട്ടിട്ടുള്ളതിന്റെ വിവരശേഖരണം നടത്തുകയും അവ നീക്കം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കായംകുളം നിയോജകമണ്ഡലത്തിൽ എൽ.എ.സി-എ.ഡി.
എസ് പ്രകാരം നിർദ്ദേശിച്ച റോഡുകൾ</u>

3148 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ എൽ.എ.സി-എ.ഡി.എസ് പ്രകാരം നിർദ്ദേശിച്ച റോഡുകളുടെ (2013 -2014) നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ചാത്തന്നൂർ - പരവൂർ - മണിയംകുളം റോഡിന്റെ നിർമ്മാണം

3149 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ - പരവൂർ - മണിയംകുളം റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിലേക്ക് 5.15 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റും, അനുബന്ധ രേഖകളും ലഭിച്ചിരുന്നുവോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ശ്രീ ശങ്കര സമാന്തരപാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസം</u>

3150 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ ശങ്കര സമാന്തരപാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണപ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പ് 42 കോടി രൂപ അനുവദിച്ചിട്ട് 21 മാസം കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>തിരുവേഗപ്പുറ പാലം മുതല്‍ കുലുക്കല്ലൂര്‍ മുളയന്‍കാവ് ഇടുതറ വരെയുള്ള റോഡ്</u>

3151 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പട്ടാമ്പി നിയോജക മണ്ഡലത്തിലെ തിരുവേഗപ്പുറ പാലം മുതല്‍ കുലുക്കല്ലൂര്‍ മുളയന്‍കാവ് ഇടുതറ വരെയുള്ള റോഡ് റബ്ബറൈസ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഈ ആവശ്യാര്‍ത്ഥം 3 കോടി രൂപ അനുവദിക്കുമോ;

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലം എം.എല്‍.എ യുടെ ആസ് തിവികസനപദ്ധതി</u>

3152 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കണ്ണൂര്‍ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലം എം.എല്‍.എ.യുടെ ആസ് തിവികസനപദ്ധതിയില്‍ ഉള്‍പ്പെടുത്തി പൊതുമരാമത്ത് വകുപ്പു മുഖേന നിര്‍മ്മാണപ്രവൃത്തി നടത്തുന്ന കല്ല്യാശ്ശേരി ഹയര്‍ സെക്കന്‍ഡറി സ്കൂള്‍, പട്ടുവം ഐ.എച്ച്.ആര്‍.ഡി. കോളേജ് എന്നിവയുടെ കെട്ടിടങ്ങളുടെ നിര്‍മ്മാണപുരോഗതി അറിയിക്കുമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പദ്ധതികളുടെ നടത്തിപ്പ്

3153 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ 2012-13, 2013-14 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പെടുത്ത് നടത്തുന്ന ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തികളിൽ എത്ര എണ്ണം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ഓരോന്നിന്റേയും നിലവിലെ സ്ഥിതിയും, ചില പദ്ധതികൾ വൈകാനിടയായത് സംബന്ധിച്ച കാരണവും വിശദമാക്കുമോ;

(ഡി) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി</u>

3154 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-'13 ൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതും പൊതുമരാമത്ത് വകുപ്പ് നടത്തുന്നതുമായ ഏതൊക്കെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(ബി) അനുമതി ലഭിച്ച ഏതെല്ലാം പദ്ധതികളാണ് പ്രവർത്തനം ആരംഭിക്കാത്തതെന്ന് വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതികൾ

3155 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ 2012-2013 സാമ്പത്തിക വർഷം ശുപാർശ ചെയ്തിട്ടുള്ള ആസ്തി വികസന ഫണ്ട് പദ്ധതികളിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ;

(ബി) 2013-14 സാമ്പത്തിക വർഷം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി ഏതെല്ലാം പ്രവർത്തനങ്ങൾക്കുള്ള ശുപാർശകളാണ് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ്/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ഓഫീസുകളിൽ ലഭ്യമായിട്ടുള്ളതെന്ന വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി എം.എൽ.എ. നൽകിയ ശുപാർശ കത്തുകൾ ഏത് തീയതിയിലാണ് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് എ.ഇ.എക്സ്.ഇ/എ.ഇ. എന്നിവരുടെ ഓഫീസിൽ ലഭിച്ചിട്ടുള്ളത് എന്നുള്ള വിവരം വ്യക്തമാക്കാമോ; പ്രസ്തുത ശുപാർശ കത്തുകൾ ലഭിച്ചിട്ട് ഇപ്പോൾ എത്ര കാലമായി എന്നും വ്യക്തമാക്കാമോ;

(ഡി) ലഭ്യമായതിൽ ഏതെല്ലാം പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) ആസ്തി വികസന ഫണ്ട് പ്രവർത്തന നടപടികൾ സമയബന്ധിതമായി മുന്നോട്ട് പോവാത്തതിനാൽ എത്ര തവണ ജില്ലാ വികസന സമിതിയിൽ എം.എൽ.എ. മാർ പ്രശ്നം ഉന്നയിച്ചുവെന്ന് വിശദമാക്കാമോ;

(എഫ്) ആസ്തി വികസന ഫണ്ട് പദ്ധതികളുടെ നടപടികൾ ഇഴഞ്ഞുനീങ്ങുന്നത് എന്തുകൊണ്ട് എന്നത് വിശദമാക്കാമോ;

(ജി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കും

എന്നുള്ള വിവരം അറിയിക്കുമോ;

(എച്ച്) ഈ വിഷയം മന്ത്രിതലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു അവലോകനം നടത്തുന്നതിനും കാലതാമസം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ആറ്റിങ്ങൽ മണ്ഡലത്തിലെ വികസന പ്രവൃത്തികൾ

3156 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പിന്നോക്ക മേഖലയായ ആറ്റിങ്ങൽ നിയോജകമണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഏതെല്ലാം പൊതുമരാമത്ത് പ്രവൃത്തികളാണ് 2013-14 ബഡ്ജറ്റ് ശുപാർശകളിലുൾപ്പെടുത്തിയിട്ടുള്ളതെന്നും ഇവയിലേതൊക്കെ പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും റോഡുകളും പാലങ്ങളും കെട്ടിടങ്ങളും തിരിച്ച് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി പിന്നോക്കമേഖലയായ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശത്തിന്റെ വികസനത്തിന് പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ഒറ്റത്തവണ നന്നാക്കൽ പദ്ധതിയിലുൾപ്പെടുത്തി അനുമതി നൽകിയ മലപ്പുറം ജില്ലയിലെ പ്രവൃത്തികൾ</u>

3157

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഫണ്ട്, ഒറ്റത്തവണ നന്നാക്കൽ പദ്ധതിയിലുൾപ്പെടുത്തി മലപ്പുറം ജില്ലയിലെ എത്ര പ്രവൃത്തികൾക്കാണ് അനുമതി നൽകിയതെന്നും, അവ ഏതെല്ലാമെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ഭരണാനുമതി നൽകിയ മലപ്പുറം ജില്ലയിലെ പ്രവൃത്തികൾ

3158

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013 – 14 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

3159 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച് കരാർ ചെയ്ത് നിർമ്മാണത്തിനായി സാമഗ്രികൾ ഇറക്കിയ പ്രവൃത്തി ക്യാൻസൽ ചെയ്യണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉപഭോക്താക്കളുടെ എതിർപ്പിന് കാരണമായേക്കാവുന്ന പ്രസ്തുത നിർദ്ദേശം പുന:പരിശോധിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

റോഡുകളിൽ ഹമ്പ് നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

3160 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ ഹമ്പ് നിർമ്മിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയപാതകളിലും സംസ്ഥാനപാതകളിലും ഹമ്പുകൾ നിർമ്മിക്കുമ്പോൾ എന്തെങ്കിലും അടയാളങ്ങൾ വയ്ക്കേണ്ടതുണ്ടോയെന്നും ഹമ്പുകളുള്ള എല്ലാ സ്ഥലത്തും പ്രസ്തുത അടയാളങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ രണ്ട് വർഷത്തിനിടെ ഹമ്പുകൾ മൂലം എത്ര അപകടങ്ങൾ നടന്നു എന്നും എത്ര പേർ മരണപ്പെട്ടു എന്നും ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) റോഡുകളിലെ അശാസ്ത്രീയമായ ഹമ്പുകൾ മാറ്റി പകരം സംവിധാനം ഉണ്ടാക്കണമെന്ന് ഹൈക്കോടതി വിധിയുണ്ടായിരുന്നോ; ഉണ്ടെങ്കിൽ എപ്പോഴാണ് വിധിയുണ്ടായതെന്നും പ്രസ്തുത വിധി നടപ്പാക്കാൻ എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്നും വ്യക്തമാക്കുമോ;

(ഇ) രാമനാട്ടുകര ബൈപ്പാസിൽ അത്തോളി മുതൽ തൊണ്ടയാട് ജംഗ്ഷൻവരെ എത്ര ഹമ്പുകളുണ്ടെന്നും ഓരോ സ്ഥലത്തും എത്ര എണ്ണം വീതമാണെന്നും വ്യക്തമാക്കുമോ;

(എഫ്) ഈ റോഡിലൂടെ മെഡിക്കൽ കോളേജിലേയ്ക്കുള്ള യാത്രയുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ചാലക്കുടി കൊരട്ടി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക്

3161 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ജംഗ്ഷനിൽ നാലുവരിപ്പാതയുടെയും, കൊരട്ടി റെയിൽവേ ഓവർബ്രിഡ്ജിന്റേയും നിർമ്മാണത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും സുഗമമായ ഗതാഗതത്തിനുമായി എന്ത് സംവിധാനമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ</u>

3162 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>വെഞ്ഞാറമൂട്ടിലെ ഗതാഗതക്കുരുക്ക്</u>

3163 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കോട്ടയം എം. സി. റോഡിൽ വെഞ്ഞാറമൂട്ടിലെ ഗുരുതരമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് പിരപ്പൻകോട്/തൈക്കാട് നിന്നും ആരംഭിക്കുന്ന ബൈപ്പാസിന്റെ പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>കേബിളുകൾ സ്ഥാപിക്കുവാൻ അനുമതി നൽകുന്നതിലുള്ള ക്രമക്കേട്</u>

3164 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റോഡുകളിലൂടെ കേബിളുകൾ വലിക്കുന്നതിനും, കുഴിച്ചിടുന്നതിനും അനുമതി നൽകുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ ക്രമക്കേടു നടത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിലയൻസ് കേബിൾ സ്ഥാപിക്കാൻ അനുമതി നൽകിയതിൽ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ അന്വേഷണം നടത്തി ബന്ധപ്പെട്ടവരിൽ നിന്നും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഉപയോഗമില്ലാതെ റോഡിലൂടെ സ്ഥാപിച്ചിട്ടുള്ള എല്ലാ കേബിളുകളും പോസ്റ്റുകളും നീക്കം ചെയ്ത് അപകട സാധ്യതകൾ ഒഴിവാക്കുമോ?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>കായംകുളത്ത് ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി</u>

T.3165 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം പട്ടണത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനായി ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ; ഇത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയും ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ചാരുമൂട് ജംഗ്ഷനിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി</u>

3166 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് സേഫ്റ്റി ഫണ്ടുപയോഗിച്ച് ചാരുംമൂട് ഇടനമൂട് ജംഗ്ഷനിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എം.എൽ. എ യുടെ പ്രാദേശിക വിസസന ഫണ്ട് ഉപയോഗിച്ച് മാവേലിക്കര, തട്ടാരമ്പലം ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്ന നടപടി അടിയന്തിരമായി പൂർത്തീകരിക്കുമോ; ഇതിനാവശ്യമായ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>ഗ്രീന്‍ ബില്‍ഡിംഗ് പോളിസി</u>

T.3167 ശ്രീ. കെ. എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരിസ്ഥിതി അനുകൂല പദ്ധതിയായ ഗ്രീന്‍ ബില്‍ഡിംഗ് പോളിസി നടപ്പിലാക്കുമോ;

(ബി) പ്രസ്തുത പോളിസിയുടെ പ്രത്യേകതകള്‍ എന്തൊക്കെയാണ്;

(സി) പോളിസിയുടെ നടത്തിപ്പില്‍ ആര്‍ക്കൊക്കെയാണ് പങ്കാളിത്തമുണ്ടായിരിക്കുക എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സ്റ്റീൽ സ്ട്രക്ചർ പ്രകാരമുള്ള കെട്ടിന നിർമ്മാണം</u>

3168 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിർമ്മിക്കുന്ന കെട്ടിടങ്ങൾ എല്ലാം സ്റ്റീൽ സ്ട്രക്ചർ പ്രകാരം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന്റെ വിശദാംശങ്ങളും ഗുണനിലവാരം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കൊടുവള്ളിയിലെ റസ്റ്റ് ഹൗസ് നിർമ്മാണം</u>

3169 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളിയിൽ റസ്റ്റ് ഹൗസ് നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

3170 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതും പ്രവർത്തനം നടന്നു വരുന്നതുമായ റോഡ്, പാലം, കെട്ടിടം പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ചെങ്കിലും സാങ്കേതികാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ലഭിക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) ഭരണാനുമതി ലഭിക്കുന്നതിനായി പ്രോപ്പോസൽ നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ഇ) 2014-'15 ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ മരാമത്ത് പണികൾ</u>

3171 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിന്നും 25 ലക്ഷം രൂപാ വീതം അനുവദിച്ച താമരക്കുളം - വി. വി. എച്ച്. എസ്. റോഡ്, പാലമേൽ - മാമ്മൂട് - പള്ളിക്കൽ റോഡ് എന്നിവയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പൊതുമരാമത്ത് കെട്ടിടവിഭാഗം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം;

(ഡി) വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) പൊതുമരാമത്ത് നിരത്ത് വിഭാഗം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം;

(എഫ്) വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ മരാമത്ത് പണികൾ</u>

3172 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം-കാർത്തികപ്പള്ളി റോഡ് രണ്ട് ലൈൻ റോഡായി പുനരുദ്ധരിക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) കായംകുളം സർക്കാർ വനിതാ പോളിടെക്നിക്കിന് ആഡിറ്റോറിയം, ലൈബ്രറി, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ ഭരണാനുമതിയ്ക്കായി പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

(സി) കായംകുളം ജുഡീഷ്യൽ കോംപ്ലക്സ്, ഓഫീസേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ ഗവ:പോളിടെക്നിക്കിന്റെ ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം</u>

3173 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ സർക്കാർ പോളിടെക്ക്നിക്ക് കോളജിലെ ഹോസ്റ്റൽ കം സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പണി പുനരാരംഭിക്കുന്നതിന് പി. ഡബ്ല്യു. ഡി. ചീഫ് എൻജിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും റിവൈസ്ഡ് എ. എസ്. നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>തുറവൂർ താലൂക്ക് ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവൃത്തികൾ</u>

3174 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറവൂർ താലൂക്ക് ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചതിന്റെ കാരണം അറിയിക്കുമോ;

(ബി) പ്രസ്തുത പണികൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട് താലൂക്കിലെ സർക്കാർ സ്ഥാപനങ്ങൾക്കു വേണ്ടി കെട്ടിട നിർമ്മാണം</u>

3175 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിലെ എടത്വ ട്രഷറി, രാമങ്കരി മൃഗാശുപത്രി, ആനപ്രാമ്പൽ മൃഗാശുപത്രി എന്നീ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ചിപ്പൻചിറ പാലം പുനർനിർമ്മാണം</u>

3176 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ ചിപ്പൻചിറ പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായി എന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>വടകര കുഞ്ഞിപ്പള്ളി റെയില്‍വേ
മേല്‍പ്പാലത്തിന്റെ നിര്‍മ്മാണ പുരോഗതി</u>

3177 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍പ് ആരംഭിച്ച വടകര കുഞ്ഞിപ്പള്ളി റെയില്‍വേ മേല്‍പ്പാലത്തിന്റെ പണി തുടര്‍ന്ന് നടക്കാത്തതിന്റെ കാരണം അറിയിക്കുമോ;

(ബി) തടസ്സങ്ങള്‍ പരിഹരിച്ച് കുഞ്ഞിപ്പള്ളി റെയില്‍വേ മേല്‍പ്പാലത്തിന്റെ പണി ആരംഭിക്കാന്‍ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>ടോൾ പിരിവ്</u>

3178 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര കോടി രൂപ വരെ നിർമ്മാണത്തിന് വിനിയോഗിച്ച പാലങ്ങൾക്കാണ് ടോൾ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എത്ര വർഷം വരെയാണ് ടോൾ പിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) വൻകിട പാലങ്ങൾക്ക് മാത്രമായി ടോൾ പിരിവ് നിശ്ചയിക്കുകയും പരമാവധി പത്ത് വർഷം മാത്രം ടോൾ പിരിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ടോൾ ബൂത്തുകളിലെ ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം

3179 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, സി. മമ്മൂട്ടി
,, സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടോൾ ബൂത്തുകളിലെ ക്രമക്കേടുകൾ നിയന്ത്രിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ടോൾ ബൂത്തുകളിലെ കളക്ഷൻ കണക്കുകൾ പരിശോധിക്കാനും ലേലത്തുക തദനുസരണമായി നിശ്ചയിക്കാനും എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ടോൾ ബൂത്തുകളെല്ലാം കമ്പ്യൂട്ടറൈസ് ചെയ്യുകയും ആധുനിക സ്വയം നിയന്ത്രിത സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണമെന്ന് നിഷ്കർഷിച്ച് ഇവയുടെ നിയന്ത്രണം കാര്യക്ഷമമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ആര്യങ്കാവ് ചെക്ക് പോസ്റ്റിനു സമീപത്ത് പാലം നിര്‍മ്മാണം</u>

3180 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം - തിരുമംഗലം ദേശീയപാതയില്‍ ഉള്‍പ്പെട്ട ആര്യങ്കാവ് ചെക്ക് പോസ്റ്റിന് സമീപമുള്ള പാലം നിര്‍മ്മാണത്തിന്റെ ഡീറ്റെയില്‍ഡ് എസ്റ്റിമേറ്റ്സും പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിനുള്ള ആകെ അടങ്കല്‍ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നത് പൊതുമരാമത്ത് വകുപ്പാണോ, റെയില്‍വേ നേരിട്ടാണോ എന്നകാര്യം അറിയിക്കുമോ ?

**കേരള നിയമസഭ**
**28.01.2014-ലെ മറുപടിക്ക്**

<u>മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണ്ണൂർക്കടവ് പാലം നിർമ്മാണം</u>

3181 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണ്ണൂർക്കടവ് പാലം നിർമ്മാണത്തിനു ഭരണാനുമതി ലഭിച്ചത് ഏത് ഉത്തരവു പ്രകാരമാണ്;

(ബി) എസ്റ്റിമേറ്റ് തുക എത്രയാണ്; ടെൻഡർ ചെയ്തത് എപ്പോഴാണ്;

(സി) കരാർ ഉറപ്പിച്ചത് എപ്പോഴാണ്;

(ഡി) കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് എപ്പോഴാണ്;

(ഇ) ഇപ്പോൾ പ്രവൃത്തി ഏതു ഘട്ടത്തിലാണ്;

(എഫ്) അപ്രോച്ച് റോഡുനിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായികടവ് പാലം നിർമ്മാണം</u>

3182 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായികടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് ഉത്തരവ് പ്രകാരമാണ്;

(ബി) എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) തുടർ നടപടികൾ ഏതു ഘട്ടത്തിലാണെന്നും എപ്പോൾ ടെണ്ടർ ചെയ്യുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.01.2014-ലെ മറുപടിക്ക്

<u>അഴിമാവ് കടവ് പാലം</u>

3183 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ താന്ന്യം-എടത്തിരുത്തി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന അഴിമാവ് കടവ് പാലം നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പാലം നിർമ്മിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(സി) കാലതാമസം വരുന്നതിന് കാരണമെന്താണെന്ന് വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളി പാലം നിർമ്മാണം</u>

3184 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ കുത്താമ്പുള്ളി പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയതെന്നാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി നൽകിയതിനെ തുടർന്ന് പ്രസ്തുത പാലം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) സാങ്കേതികാനുമതിയും ടെണ്ടർ നടപടിയും പൂർത്തിയാക്കിയിട്ടും പാലം നിർമ്മാണം ആരംഭിക്കാത്തതിനുള്ള കാരണങ്ങൾ അറിയിക്കുമോ;

(ഡി) പാലം നിർമ്മാണത്തിന്റെ ഫണ്ടിംഗ് ഏജൻസിയായ നബാർഡ് നിർമ്മാണത്തിന്റെ കാലതാമസത്തെക്കുറിച്ച് എന്തെങ്കിലും പരാമർശങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അതെന്താണെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പാലം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>നേരേകടവ്-മാക്കേക്കടവ് പാലം നിർമ്മാണം</u>

3185 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേരേക്കടവ്-മാക്കേക്കടവ് പാലത്തിന്റെ ഭരണാനുമതിയുടെ കാലാവധി എന്നുവരെയാണ്;

(ബി) പ്രസ്തുത പാലത്തിന്റെ എ.എസ്സിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തികൾക്ക് ചെലവ് എഴുതി ബില്ല് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; അങ്ങനെ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവർത്തിയുടെ എ.എസ്. കാലാവധി തീരുന്നമുറയ്ക്ക് റദ്ദാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയത് ഏത് ഏജൻസിയാണ്;

(ഡി) ഈ പാലത്തിന്റെ റ്റി.എസ്. നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഇല്ലെങ്കിൽ റ്റി.എസ് പൂർത്തിയാക്കി എന്നത്തേയ്ക്ക് ടെണ്ടർ ചെയ്യുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് 2013 നവംബർ 1-ന് തറക്കല്ലിടുമെന്ന് ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നോ; തറക്കല്ലിടുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>സുൽത്താൻതോട് അപ്രോച്ച് പാലത്തിന്റെ പുനർനിർമ്മാണം</u>

3186 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ, മഴമൂലം തകർന്ന സുൽത്താൻതോട് അപ്രോച്ച് പാലത്തിന്റെ പുനർനിർമ്മാണത്തിന് എന്തൊക്കെ നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കൂട്ടുംവാതുക്കൽ കടവ് പാലം നിർമ്മാണം</u>

3187 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി-കായംകുളം-ഹരിപ്പാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

ചാലൂർ പഞ്ചായത്തിലെ പഴുവിൽ പാലം നിർമ്മാണം

3188 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ ചാഴൂർ പഞ്ചായത്തിൽപ്പെടുന്ന പഴുവിൽ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) പ്രശ്നങ്ങൾ എല്ലാം പരിഹരിച്ച് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ മണ്ഡലത്തിലെ പാത്തിക്കല്‍ പാലം നിര്‍മ്മാണം</u>

3189 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ പാത്തിക്കല്‍ പാലം നിര്‍മ്മാണവുമായി ബന്ധപ്പെട്ട് സ്ഥലവാസിയായ ശ്രീ. എം. സി. കേളുവിന്റെ പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പരാതിയിന്‍മേല്‍ ഏതെല്ലാം വകുപ്പുകളില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയിന്മേല്‍ അന്വേഷണം നടത്തി റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഉണ്ടെങ്കില്‍ ആയതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കോരപ്പുഴ പാലം പുതുക്കിപ്പണിയാൻ നടപടി</u>

3190 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലം പുതുക്കിപ്പണിയുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) നൂറുവർഷം പഴക്കമുള്ള കോരപ്പുഴ പാലം പുതുക്കിപ്പണിയാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>മുരിങ്ങൂർ ഡിവൈൻനഗർ റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം</u>

3191 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മുരിങ്ങൂർ ഡിവൈൻനഗർ റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>തലസ്ഥാനത്തെ മോണോ റെയിൽ പദ്ധതി</u>

3192 ശ്രീ. കെ. മുരളീധരൻ
,, എം.എ. വാഹീദ്
,, വർക്കല കഹാർ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് മോണോ റെയിൽ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനുള്ള സാദ്ധ്യതാപഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിർമ്മാണത്തിന് ഏത് ഏജൻസിയാണ് മേൽനോട്ടം വഹിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക</u>

3193 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് 2012-13 വർഷത്തെ കുടിശ്ശിക നൽകുവാനുണ്ടോ;

(ബി) എങ്കിൽ അതെത്രയാണെന്ന് അറിയിക്കുമോ;

(സി) ഈ സാമ്പത്തിക വർഷം പൂർത്തിയായ പ്രവൃത്തികൾക്ക് നൽകാനുള്ള തുക എത്രയാണെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) കരാറുകാർക്ക് അവർ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് ഇത്രയും കുടിശ്ശിക വരുത്തുവാനുണ്ടായ സാഹചര്യങ്ങൾ എന്താണെന്ന് അറിയിക്കുമോ;

(ഇ) കുടിശ്ശിക തുക നൽകാതിരുന്നതിനെത്തുടർന്ന് കരാറുകാരിൽ നിന്നും പരാതികളും അതിനെത്തുടർന്നുള്ള പ്രക്ഷോഭങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാർക്ക് യഥാസമയം പണം ലഭ്യമാക്കാൻ നടപടി</u>

3194 ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ജി. സുധാകരൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാർക്ക് യഥാസമയം പണം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭീമമായ തുക കരാറുകാർക്ക് കുടിശ്ശികയായതിന്റെ കാരണം വിശദമാക്കുമോ;

(സി) റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കാതിരുന്നത് കരാറുകാർക്ക് യഥാസമയം പണം നൽകാത്തതിനാലാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) കരാറുകാർക്ക് വൻതുക കുടിശ്ശിക ലഭിക്കാനുള്ളത് കാരണം മരാമത്ത് പണികൾ പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ ഇത് തരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.01.2014-ലെ മറുപടിക്ക്

<u>കോൺട്രാക്ടർമാർക്ക് കൊടുക്കുവാനുള്ള കുടിശ്ശിക</u>

3195 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പ് കോൺട്രാക്ടർമാർക്ക് എന്ന് മുതൽ എന്ന് വരെയുള്ള തുക കുടിശ്ശികയുണ്ടെന്ന വിവരം പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര രൂപ കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകാനുണ്ടായി രുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ നൽകുവാനുള്ള കുടിശ്ശിക എന്ന് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2014 ജനുവരി 19.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.